"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - പൂമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.01.2020 ലെ 5(1) നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ്ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്**

G.O.(Rt) No.1164/2020/LSGD തീയതി,തിരുവനന്തപുരം, 16/06/2020

പരാമർശം:- 1 പൂമംഗലം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 01.01.2020 ലെ 5(1) നമ്പർ തീരുമാനം

2 പൂമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6.01.2019 ലെ എ3/3842/19 നമ്പർ കത്ത് ഉള്ളടക്കം ചെയ്തുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ 14.02.2020 ലെ PAN/2470/2020-C1 (DP) നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പൂമംഗലം ഗ്രാമപഞ്ചായത്തിൽ 5ാം വാർഡിൽ സർവ്വേ നമ്പർ 513/2-3 ൽ പ്പെട്ട ഭൂമിയിൽ റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ടവർ നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയർ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് ശിപാർശ നൽകിയിരുന്നു. എന്നാൽ ടവർ നിർമ്മാണത്തിനെതിരെയുള്ള പരിസര വാസികളുടെ പ്രതിഷേധത്തെത്തുടർന്ന് പെർമിറ്റ് അനുവദിക്കരുതെന്ന് ഭരണസമിതി 21.12.2019 ലെ 5(1) നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിന് ആവശ്യപ്പെട്ടതിൽ മേൽ തീരുമാനം പുന: പരിശോധിക്കേണ്ടതില്ലെന്ന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനം ചട്ട വിരുദ്ധമായതിനാൽ ഈ വിഷയം പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാർ തീരുമാനത്തിനായി റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂമംഗലം ഗ്രാമപഞ്ചായത്തിൽ 5ാം വാർഡിൽ സർവ്വേ നമ്പർ 513/2-3 ൽ ഉൾപ്പെട്ട ഭൂമിയിൽ റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ടവർ നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയർ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് ശിപാർശ നൽകിയിട്ടുണ്ട്. ടവർ നിർമ്മാണത്തിനെതിരെയുള്ള പരിസര വാസികളുടെ പ്രതിഷേധത്തെത്തുടർന്നാണ് പെർമിറ്റ് അനുവദിക്കരുതെന്ന് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്.

കൂടാതെ 7/3/2013 ലെ 73816/RD3/12/തസ്വഭവ നം. സർക്കുലർ പ്രകാരം നിയമാനുസൃത രേഖകൾ ഹാജരാക്കിയാൽ നിർബന്ധമായും പെർമിറ്റ് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ഈ വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJUKUMAR N
DEPUTY SECRETARY

പകർപ്പ്

സെക്രട്ടറി, ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം ആമുഖ കത്തോടുകൂടി).

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്, പാറളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

സെക്രട്ടറി, പാറളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ